## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 343 — 12.06.2012-ൽ മറുപടിയ്ക്ക്

### വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ.

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതുമേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യ തകൾ സർക്കാരിൽ നിക്ഷിപ്തമാക്കി ക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടു വിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി ബാദ്ധ്യതകൾ പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതു വരെ, വൈദ്യുതി ബോർഡിന്റെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 26-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 38/08/ഊ.വ പ്രകാരം ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിന്റെ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് |

ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജിസ്റ്റർ ചെയ്തു. സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇതു സംബന്ധിച്ച് ജീവനക്കാരുടെ യൂണിയനുകളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ജീവനക്കാരുടെ യൂണിയനുകളുമായി ബോർഡ് തലത്തിൽ വിവിധ ഘട്ടങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുന്നതിനായി യോഗങ്ങൾ വൈദ്യുതിമന്ത്രി നേരിട്ടുതന്നെ വിളിച്ചുചേർത്ത് ചർച്ച ചെയ്തിട്ടുണ്ട്.

(സി) ജീവനക്കാരുടെ യൂണിയനുകളും വൈദ്യുതി മേഖലയിലെ ബന്ധപ്പെട്ട വിദഗ്ധൻമാരുമായി ചർച്ച ചെയ്തതിനുശേഷം മാത്രം നിലവിലുള്ള സംവിധാനങ്ങൾ ജീവനക്കാർക്കും ദോഷം വരാത്ത രീതിയിൽ മറ്റ് നടപടികൾ സ്വീകരിക്കുമോ ?

(സി) ആസ്തി ബാദ്ധ്യതകൾ പുതിയ കമ്പനിയിലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ ജീവനക്കാർക്ക് ദോഷം വരാത്ത രീതിയിൽ 2003-ലെ വൈദ്യുതി നിയമത്തിനു വിധേയമായി നടപടിക്രമങ്ങൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.